"ഭരണഭാഷ – മാതൃഭാഷ"

നമ്പർ. സി1/498/2017/റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice.mvd@kerala.gov.in ]
തീയ്യതി, 07/03/2020

## സർക്കുലർ നം. 4/2020

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — വാഹനങ്ങളുടെ നമ്പർ റിസർവേഷൻ ഫീസുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന :-
1. സർക്കുലർ നമ്പർ 10/2001
2. സർക്കുലർ നമ്പർ 27/2002
3. സർക്കുലർ നമ്പർ 23/2015
4. സർക്കുലർ നമ്പർ 03/2019
5. കേരള മോട്ടോർ വെഹിക്കിൾ റൂൾ 95.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പുതിയ വാഹനങ്ങൾക്ക് രജിസ്ട്രേഷൻ നമ്പർ റിസർവ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് സൂചന 1,2,3,4 എന്നീ സർക്കുലറുകൾ പ്രകാരം ട്രാൻസ്പോർട്ട് കമ്മീഷണർ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. എന്നാൽ വാഹൻ സോഫ്റ്റ്‌വെയറിലൂടെ e-Auction എന്ന സംവിധാനം നിലവിൽ വന്നതിനാൽ രജിസ്ട്രേഷൻ നമ്പർ ലേലം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങളും നടപടിക്രമങ്ങളും ഈ സോഫ്റ്റ് വെയറിൽ ലഭ്യമാണ്.

വാഹന നമ്പർ ലേല നടപടികൾ അപേക്ഷകർ പൂർത്തിയാക്കിയതിനുശേഷം വിജയിയായ അപേക്ഷകന്റെ റിസർവേഷൻ തുകയും, ലേല തുക ഉണ്ടെങ്കിൽ അതും സർക്കാർ ഖജനാവിൽ അടയ്ക്കേണ്ടതാണ്. ലേലത്തിൽ വിജയിക്കാത്ത അപേക്ഷകർക്ക് റിസർവേഷൻ തുക റീഫണ്ട് ആയി തിരിച്ച് നൽകേണ്ടതാണ്. ആയതിനാൽ വാഹനിലൂടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയായതിനു ശേഷം 1989 - ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളുടെ ചട്ടം 95 ഉപചട്ടം (13) അനുസരിച്ച് വിജയിയായ അപേക്ഷകന് ഒഴികെ ബാക്കിയുള്ള അപേക്ഷകർക്ക് റിസർവേഷൻ തുക തിരികെ റീഫണ്ട് ആയി നൽകേണ്ടതാണ്.

എന്നാൽ വിജയിയായ ഒരു വ്യക്തി നിശ്ചിതസമയപരിധിക്കുള്ളിൽ വാഹനം രജിസ്റ്റർ ചെയ്യാതെ നമ്പർ ലാപ്സ് ആകുകയാണെങ്കിൽ അദ്ദേഹത്തിന് റിസർവേഷൻ തുക റീഫണ്ട് ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

കൂടാതെ, ഒരു അപേക്ഷകൻ ഒന്നിലധികം നമ്പർ ഒരേ വാഹനത്തിന് റിസർവ്വ് ചെയ്യുകയും രണ്ടിലും വിജയി ആകുന്ന പക്ഷം അദ്ദേഹത്തിന് അതിൽ ഒരു നമ്പർ തന്റെ വാഹനത്തിന് തെരഞ്ഞെടുക്കാവുന്നതും എന്നാൽ മറ്റേ നമ്പരിനായി റിസർവ്വ് ചെയ്ത തുക മടക്കി കിട്ടുവാൻ അർഹത ഉണ്ടായിരിക്കുന്നതുമല്ല.

റീഫണ്ട് അപേക്ഷകളിന്മേൽ ഒരാഴ്ചയ്ക്കുള്ളിൽ തന്നെ നടപടിക്രമങ്ങൾ പൂർത്തിയാക്കി റീഫണ്ട് നൽകേണ്ടതാണ്. ഇത്തരം അപേക്ഷകളിന്മേൽ യാതൊരു കാരണവശാലും കാലതാമസം ഉണ്ടാകരുതെന്ന് പ്രത്യേകം നിർദ്ദേശിക്കുന്നു.

ഈ സർക്കുലർ പ്രാബല്യത്തിൽ വരുന്നതോടുകൂടി സൂചന 1,2,3 എന്നിവ പ്രകാരമുള്ള സർക്കുലറുകൾക്ക് പ്രാബല്യമുണ്ടായിരിക്കുന്നതല്ല.

ട്രാൻസ്പോർട്ട് കമ്മീഷണർ

എകെ